# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1706 10.02.2020 -ലെ മറുപടിയ്ക്ക്

**<u>മാനന്തവാടി മണ്ഡലത്തിൽ 'റൂസ' പദ്ധതി പ്രകാരം ആരംഭിക്കാനുദ്ദേശിക്കുന്ന സർക്കാർ കോളേജ്</u>**

*ചോദ്യം* *ഉത്തരം*

ശ്രീ. ഒ. ആർ. കേളു

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | മാനന്തവാടി മണ്ഡലത്തിൽ 'റൂസ' പദ്ധതി പ്രകാരം ആരംഭിക്കാനുദ്ദേശിക്കുന്ന സർക്കാർ കോളേജിന്റെ പ്രവർത്തനം തുടങ്ങുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസങ്ങൾ ഉണ്ടോ;വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത കോളേജ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | RUSA-MHRD യിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനം ആരംഭിക്കുവാൻ സാധിക്കുക. 2020 ൽ മോഡൽ ഡിഗ്രി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പ്രസ്തുത കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | റൂസ 2-ാം ഘട്ടത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി കോളേജിനാവശ്യമായ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി കിട്ടേണ്ടതുണ്ട്. ആയതിലേക്കായി ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പേരിയ വില്ലേജിലെ 75 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി നൽകാമെന്ന് അറിയിച്ചുകൊണ്ട് ആരോഗ്യകുടുംബക്ഷേമ വകുപ്പ് 25/01/2019 ലെ GO(Rt.) No. 194/2019/H&FWD പ്രകാരം ഉത്തരവിറക്കുകയും പ്രസ്തുത ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തി |

| | | | |
|---|---|---|---|
| | | | 20/11/2019 ലെ G.O(Rt) No. 2783/2019/ H&FWD പ്രകാരം പുതുക്കിയ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കിയതിന്റെ റിപ്പോർട്ട് സർവ്വേ ഡയറക്ടർ നല്കിയിട്ടുണ്ട്. നിലവിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലെ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന്റെ ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലുമാണ്. പ്രസ്തുത സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് RUSA-MHRD യെ അറിയിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. |

സെക്ഷൻ ഓഫീസർ.